# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :544 — 27-07-2015-ൽ മറുപടിക്ക്

### ഓണം, റംസാൻ ചന്തകൾ

**ചോദ്യം** — ഉത്തരം

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ.ജെയിംസ് മാത്യു**
**ശ്രീ.പി.ടി.എ.റഹീം**
**ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ**

ശ്രീ. അനൂപ് ജേക്കബ്
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ വർഷം ഓണം, റംസാൻ ചന്തകൾ ആരംഭിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | ഈ വർഷം റംസാൻ ചന്തകൾ റംസാൻ സമയത്ത് തന്നെ സംഘടിപ്പിച്ചിരുന്നു. ഓണച്ചന്തകൾ ആഗസ്റ്റ് 10 മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബി.പി.എൽ. കിറ്റ്, സ്പെഷ്യൽ പഞ്ചസാര തുടങ്ങി കഴിഞ്ഞ വർഷം നൽകിയ എല്ലാ ആനുകൂല്യങ്ങളും ഈ വർഷവും നൽകുന്നതാണ്. |
| (ബി) | അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് സംസ്ഥാന വ്യാപകമായി ഓണം-റംസാൻ ചന്തകൾ ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ കാരണമെന്തായിരുന്നു; | | |
| (സി) | ഈ സീസണിൽ പൊതുകമ്പോളത്തിൽ വിലവർദ്ധന പിടിച്ചു നിർത്താൻ സബ്സിഡിക്കായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | (സി) | സപ്ലൈകോയ്ക്ക് 64 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | സാധനങ്ങളുടെ വില വർദ്ധിക്കുകയും ഗുണം കുറയുകയും ചെയ്യുന്നതോടെ സിവിൽ സപ്ലൈസിന്റെ വില്പനശാലകൾ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | സാധനങ്ങൾക്ക് അനിയന്ത്രിതമായ വിലക്കയറ്റമില്ല. ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് സപ്ലൈകോയിൽ സാധനങ്ങൾ ലഭ്യമാക്കുന്നത്. സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമാണ്. |

Beena

സെക്ഷൻ ഓഫീസർ